K CHITTILAPPILLY FOUNDATION

Regd. Office: KCF Tower,, Bharath Matha College Road,
Kakkanad, Thrikkakara P.O., Ernakulam - 682 021, Ph : 0484 - 2973955,
Email: kcfcochin@gmail.com, Web site: www.kcfoundation.in

## 'വിജയീഭവഃ' 13-ാം ബാച്ച് ജൂണിൽ ആരംഭിക്കുന്നു

വീ-ഗാർഡ് ഇൻഡസ്ട്രീസ് ചെയർമാൻ ശ്രീ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളിയുടെ ജീവകാരുണ്യ പ്രവർത്തന സംരംഭമായ 'കെ ചിറ്റിലപ്പിള്ളി ഫൗണ്ടേഷന്റെ' ആഭിമുഖ്യത്തിൽ ചെറുകിട സംരംഭകർക്കായി നടത്തുന്ന പരിശീലന പദ്ധതിയായ "വിജയീഭവഃ"യുടെ പതിമൂന്നാം ബാച്ച് 2017 ജൂൺ മാസം ആരംഭിക്കുന്നു. സൗത്ത് റെയിൽവേ സ്റ്റേഷനടുത്തുള്ള ബ്യൂമോണ്ട് ഹോട്ടലിൽ വച്ചായിരിക്കും ക്ലാസ്സ്. **'വിജയീഭവഃ'** എന്ന ഈ പരിശിലനപദ്ധതി പ്രശസ്ത ഓഡിറ്റിംഗ് സ്ഥാപനമായ 'വർമ്മ ആന്റ് വർമ്മ'യുടേയും പ്രമുഖ മാനേജ്മെന്റ് പരിശീലകരായ 'വിന്നർ ഇൻ യൂ'വിന്റേയും സഹകരണത്തോടെയാണ് സംഘടിപ്പിക്കുന്നത്.

ഒരു സംരംഭം വിജയകരമായി നടത്തി കൊണ്ടുപോകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്ന കോഴ്സിൽ ആസൂത്രണം, മാർക്കറ്റിംഗ്, നേതൃത്വപാടവം, നികുതി നിയമങ്ങൾ, സംരംഭകർക്ക് വേണ്ട മൂല്യങ്ങൾ, കമ്മ്യൂണിക്കേഷൻ തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകും. കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളിയെ കൂടാതെ വിജയകരമായി സംരംഭം നടത്തുന്ന പ്രമുഖ വ്യക്തികൾ തങ്ങളുടെ അനുഭവം പങ്കുവയ്ക്കുന്നതും, കഴിഞ്ഞ 12 ബാച്ചുകളിൽ പരിശീലനം നേടിയ സംരംഭകർ മാസത്തിൽ ഒരിക്കൽ ഒത്തുചേരുന്നതും ബിസ്സിനസ്സ് ആശയങ്ങൾ പങ്കുവയ്ക്കുന്നതും ഈ കോഴ്സിന്റെ പ്രത്യേകതയാണ്.

2017 ജൂൺ 13-ാം തീയതി ചൊവ്വാഴ്ച്ച ആരംഭിക്കുന്ന പതിമൂന്നാം ബാച്ചിന് തൊട്ടടുത്ത ആഴ്ച്ചകളിലായി ആകെ നാലു സെഷനുകൾ ഉണ്ടായിരിക്കും. പ്രോഗ്രാം സമയം രാവിലെ 11.00 മുതൽ വൈകിട്ട് 6.00 വരെ ആയിരിക്കും. മൂന്ന് വർഷമെങ്കിലും ബിസിനസ്സ് രംഗത്ത് പരിചയമുള്ള ഡിഗ്രി/ഡിപ്ലോമ വിദ്യാഭ്യാസ യോഗ്യതയുള്ള സംരംഭകർക്ക് ഈ പരിശീലന പരിപാടിയിലേക്ക് അപേക്ഷിക്കാം. 25 വയസ്സിനും 40 വയസ്സിനും മദ്ധ്യേ പ്രായമുള്ളവർക്കായിരിക്കും മുൻഗണന.

കൂടുതൽ വിവരങ്ങളും അപേക്ഷാഫോമും www.kcfoundation.in, www.winnerinyou.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷകൾ 2017 മെയ് 10-ാം തീയതിക്കു മുൻപായി കിട്ടത്തക്കവിധം കെ ചിറ്റിലപ്പിള്ളി ഫൗണ്ടേഷന്റെ ഇ-മേയ്ൽ വഴിയോ (kcfcochin@gmail.com), ഓഫീസ്സ് വിലാസത്തിലോ അയയ്ക്കണം. തിരഞ്ഞെടുക്കപ്പെടുന്നവരെ ക്ലാസ്സിന്റെ വിവരങ്ങൾ മുൻകൂട്ടി അറിയിക്കുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 0484-2973955 ബന്ധപ്പെടുക.

**കെ ചിറ്റിലപ്പിള്ളി ഫൗണ്ടേഷനുവേണ്ടി**

**എക്സിക്യൂട്ടീവ് ഡയറക്ടർ**

K CHITTILAPPILLY FOUNDATION Thrikkakara P.O. Kochi - 682 021